(ബി) വൃദ്ധരും രോഗികളുമായവർക്ക് 3,4,5 എന്നീ പ്ലാറ്റ്ഫോറങ്ങളിലെത്താൻ ഫുട്ട് ഓവർ ബ്രിഡ്ജ് കയറുക ദുസ്സഹമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എസ്കലേറ്ററുകൾ സ്ഥാപിക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്ര റെയിൽവെ മന്ത്രാലയത്തോട് ഉന്നയിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ ആവശ്യം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ; ഈ ആവശ്യത്തിൻമേൽ എന്തെങ്കിലും നടപടികൾ ഇതേവരെ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്രകാരം ഒരു ആവശ്യം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി, ഡി) തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ ഇപ്പോൾ രണ്ട് ഫുട്ട് ഓവർ ബ്രിഡ്ജുകളുള്ളതിനാൽ അടിയന്തിരമായി എസ്കലേറ്ററുകൾ സ്ഥാപിക്കേണ്ട ആവശ്യമില്ല എന്ന നിലപാടാണ് റെയിൽവേയ്ക്കുള്ളത്. എങ്കിലും എസ്കലേറ്ററുകൾ സ്ഥാപിക്കണമെന്ന ആവശ്യം ഉടൻതന്നെ റെയിൽവെ മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്.

റിസർവ്വ് ബാങ്ക് നിർദ്ദേശം പുനഃപരിശോധിക്കാൻ നടപടി

80 [4958] ശ്രീ. പി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ പേര് സഹകരണ സംഘം എന്ന് മാറ്റണമെന്ന് കാണിച്ച് റിസർവ്വ് ബാങ്ക് എന്തെങ്കിലും നിർദ്ദേശം സർക്കാരിന് നൽകിയിട്ടുണ്ടോ;

(ബി) കേരളത്തിലെ ഏതെല്ലാം സഹകരണ സ്ഥാപനങ്ങളുടെ പേരിലാണ് ഈ മാറ്റം വരുത്തുവാൻ റിസർവ്വ് ബാങ്ക് ആവശ്യപ്പെട്ടിരിക്കുന്നത്;

(സി) സഹകരണ ബാങ്ക് എന്നത് ഒഴിവാക്കുവാൻ ഏത് സാഹചര്യത്തിലാണ് റിസർവ്വ് ബാങ്ക് ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ക്രെഡിറ്റ് മേഖല ശക്തമാക്കിയിട്ടുള്ള കേരളത്തിൽ റിസർവ്വ് ബാങ്കിന്റെ നിർദ്ദേശം ജനങ്ങളിൽ ആശയക്കുഴപ്പം ഉണ്ടാക്കുവാനും സഹകരണ മേഖലയുടെ വിശ്വസ്തതയെ ബാധിക്കുവാനും സാദ്ധ്യത ഉള്ളതിനാൽ ഇതൊഴിവാക്കുവാൻ സർക്കാർ എന്തുനടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3-3-2003-ലെ റിസർവ്വ് ബാങ്കിന്റെ കത്തുപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1949-ലെ ബാങ്കിംഗ് നിയന്ത്രണ നിയമത്തിന്റെ പരിധിയിൽ വരുന്ന സഹകരണ ബാങ്കുകൾ ഒഴികെയുള്ളതും ബാങ്കിംഗ് ഇടപാടുകൾ നടത്തിവരുന്നതുമായ സഹകരണ സ്ഥാപനങ്ങളോടാണ് ഇപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്.

(സി) വ്യക്തമാക്കാം. റിസർവ്വ് ബാങ്കിന്റെ ലൈസൻസുള്ള പണമിടപാടു സ്ഥാപനങ്ങൾക്കു മാത്രമേ ബാങ്ക് എന്ന പേര് ഉപയോഗിക്കാൻ അനുമതിയുള്ളൂ. പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾക്ക് റിസർവ്വ് ബാങ്കിന്റെ ലൈസൻസ് ഇല്ല. കൂടാതെ ഇത്തരം സ്ഥാപനങ്ങൾ സ്വരൂപിക്കുന്ന നിക്ഷേപങ്ങൾക്ക് ഡെപ്പോസിറ്റ് ഇൻഷൂറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷന്റെ ഇൻഷൂറൻസ് പരിരക്ഷ ഇല്ലാത്തതുകൊണ്ടുമാണ്.

(ഡി) ഇക്കാര്യത്തിൽ ഗവൺമെന്റ് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

സഹകരണ ബാങ്കുകൾക്ക് സബ്സിഡി നൽകാൻ നടപടി

81 [4959] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 മാർച്ച് 31 വരെ കുടിശ്ശികയായ കടങ്ങൾക്ക് സഹകരണ ബാങ്കുകൾ പ്രഖ്യാപിച്ചിട്ടുള്ള ഇളവുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധമായ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) സഹകരണ ബാങ്കുകൾ സ്വീകരിച്ച നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നൽകുകയും നൽകിയ വായ്പകൾക്കുള്ള പലിശ കുറവ് ചെയ്യുകയും ചെയ്തപ്പോൾ ബാങ്കുകളുടെ പ്രഖ്യാപിത ആസ്തിയിൽ കുറവു വന്നിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) വൺടൈം സെറ്റിൽമെന്റ് പ്രകാരം ബാങ്കുകൾക്കുണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നഷ്ടം നികത്തുന്നതിനായുള്ള തുക സഹകരണ ബാങ്കുകൾക്ക് സബ്സിഡിയായി നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിൽനിന്നോ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നോ എടുത്തിട്ടുള്ള വായ്പകൾ 31-3-2000-ത്തിലോ അതിനുമുമ്പോ കുടിശ്ശികയായിട്ടുണ്ടെങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം 31-3-2004-ന് മുമ്പായി ഒറ്റത്തവണയായി തിരിച്ചടയ്ക്കാവുന്നതാണ്. അപ്രകാരം അടയ്ക്കുമ്പോൾ കുടിശ്ശിക തീയതി മുതൽ 31-3-2000 വരെ 12% പലിശ നൽകിയാൽ മതിയാകും. ഒറ്റത്തവണയായി കുടിശ്ശിക അടച്ചുതീർക്കാൻ കഴിഞ്ഞില്ലെങ്കിൽ കുടിശ്ശികയുടെ 25% ആദ്യഗഡുവായി 31-3-2004-ന് മുമ്പായി അടയ്ക്കുകയും ബാക്കി തുക 12 മാസ തവണകളായി 12% പലിശ സഹിതം അടയ്ക്കുന്നതിനും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly